## തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ

വിഷയം:- വനം വകുപ്പ് – ജീവനക്കാര്യം – അറ്റൻഡർ ഗ്രേഡ് I തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (പി) നമ്പർ 85/2011/ധന തീയതി 26.02.2011

2. ഈ ഓഫീസിലെ 24.04.2014-ലെ ഇ2-24875/04 ഉത്തരവ്.

3. വനം വകുപ്പിലെ അറ്റൻഡർമാരുടെ 01-01-2013, 01-06-2018 എന്നീ തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റുകൾ

**ഉത്തരവ് നമ്പർ ഇ2- 291/2020 തീയതി 19.02.2020**

വനംവകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള 18 അറ്റൻഡർ തസ്തികകളിൽ ഗ്രേഡ് II , ഗ്രേഡ് I തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 ആണ്. ആയത് പ്രകാരം വനം വകുപ്പിൽ 12 ഗ്രേഡ് II അറ്റൻഡർമാരും 6 ഗ്രേഡ് I അറ്റൻഡർമാരുമാണുള്ളത്. അറ്റൻഡർമാരുടെ സൂചന (3) പ്രകാരമുള്ള 01-01-2013 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ലതിക.കെ.എസ് വരെയുള്ളവർക്ക് അറ്റൻഡർ ഗ്രേഡ് I തസ്തികയിലേക്ക് സൂചന-2 പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും അറ്റൻഡർ ഗ്രേഡ് I തസ്തികകളിലേക്ക് പ്രമോഷൻ ലഭിച്ചവരുമായ ചുവടെ പറയുന്നവർ തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ചതിനെ തുടർന്ന് അറ്റൻഡർ തസ്തികയിൽ നിന്നും വിടുതൽ ആയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | അറ്റൻഡർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത തീയതി |
|---|---|---|
| 1 | ശ്രീ. രഘുവരൻ.ജെ.സി | 28-03-2015 |
| 2 | ശ്രീ. അബ്ദുൾ സലാം.പി.എ | 08-01-2015 |
| 3 | ശ്രീ.ബാലകൃഷ്ണൻ നായർ പി | 01-02-2016 |

മേൽ പറഞ്ഞ സാഹചര്യത്തിൽ വനംവകുപ്പിൽ അറ്റൻഡർ ഗ്രേഡ് I തസ്തികയിൽ യഥാക്രമം 09-01-2015, 29-03-2015, 02-02-2016, എന്നീ തീയതികളിൽ മൂന്ന് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 01-01-2013 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ചുവടെ പറയുന്ന ഗ്രേഡ് II അറ്റൻഡർമാർക്ക് , അറ്റൻഡർ ഗ്രേഡ് I തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്. ആയതിനാൽ ടി ജീവനക്കാർക്ക് 17500-39500 ശമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ് I ആയി ചുവടെപറയും പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു

| ക്രമ നമ്പർ | പേര് | പ്രാബല്യ തീയതി | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി. ചിത്ര.ഒ | 09-01-2015 | O/o എ.പി.സി.സി.എഫ് (ഭരണം) |
| 2 | ശ്രീ. മീര സാഹിബ് | 29-03-2015 | O/o എ.സി.എഫ് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൊല്ലം |
| 3 | ശ്രീ. രമാകാന്തൻ.ജി | 02-02-2016 | O/o എ.പി.സി.സി.എഫ് (ഭരണം) |

മേൽ പറഞ്ഞവരിൽ ശ്രീമതി. ചിത്ര.ഒ, ശ്രീ. മീരാസാഹിബ്, എന്നിവർ യഥാക്രമം 10/11/2017, 04/08/2018, എന്നീ തീയതികളിലും സൂചന (2) പ്രകാരം അറ്റൻഡർ ഗ്രേഡ് I ആയി റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീ. റോസ് ചന്ദ്രൻ , ശ്രീ. ചെന്താമര.എ എന്നിവർ യഥാക്രമം 28/11/2018, 03/10/2019 എന്നീ തീയതികളിലും തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ചതിനെ തുടർന്ന് അറ്റൻഡർ തസ്തികയിൽ നിന്നും വിടുതൽ ആയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഗ്രേഡ് II അറ്റെൻഡർമാർക്ക് 17500-39500 ശമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ് I ആയി ചുവടെപറയും പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകി അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസുകളിലെ അറ്റൻഡർ ഗ്രേഡ് II തസ്തിക അറ്റൻഡർ ഗ്രേഡ് I തസ്തികയായി ഉയർത്തി അതേ ഓഫീസിൽ തന്നെ തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് , അറ്റൻഡർമാരുടെ 01-06-2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പ്രാബല്യ തീയതി | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീ. G.രാധാകൃഷ്ണ പിള്ള (6) | 11-11-2017 | O/o CF സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൻ, കൊല്ലം |
| 2 | ശ്രീ. സാബുമോൻ.P (7) | 05-08-2018 | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, എറണാകുളം |
| 3 | ശ്രീമതി.സുലോചന.C.K (8) | 29-11-2018 | O/o എ.പി.സി.സി.എഫ് (ഭരണം) |
| 4 | ശ്രീ.വിജു.R (9) | 04-10-2019 | O/o വൈൽഡ് ലൈഫ് വാർഡൻ തിരുവനന്തപുരം |

ഈ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നവർക്ക് മേൽ വിവരിച്ച ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് KSR ചട്ടം 28 A പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

(1)ജീവനക്കാർക്ക് മേലധികാരി മുഖേന നൽകുന്നു.

(2)ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) യ്ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നൽകുന്നു

(3) H സെക്ഷന് നൽകുന്നു